# പതിനാലാം കേരള നിയമസഭ
# പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2758 — 12.02.2019 - ൽ മറുപടിക്ക്

## ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസ് വകുപ്പ്

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.എസ്.ശർമ്മ | | ശ്രീ.ടി.പി.രാമകൃഷ്ണൻ (തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| | ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസ് വകുപ്പിന് അനുവദിക്കുന്ന ബജറ്റ് തുക പൂർണ്ണമായും ഫലപ്രദമായും ചെലവഴിക്കുന്നതിനും ഗുണഭോക്താക്കൾക്ക് ആനുകൂല്യങ്ങൾ കൃത്യമായി വിതരണം ചെയ്യുന്നതിനും സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ? | | ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിന് അനുവദിക്കുന്ന തുകയിൽ, മരുന്നുകളും മറ്റ് ചികിത്സാ ഉപകരണങ്ങളും വാങ്ങാൻ അനുവദിക്കുന്ന തുക പൂർണ്ണമായും ഉപയോഗിച്ച് ഗുണഭോക്താക്കളുടെ ഉപയോഗത്തിനായി ആശുപത്രികളിലും ഡിസ്പെൻസറികളിലും മരുന്നുകളും ഉപകരണങ്ങളും വാങ്ങി നൽകുന്നുണ്ട്. പ്ലാൻ/നോൺ പ്ലാൻ മുഖാന്തിരം അനുവദിക്കുന്ന തുകയിലൂടെ ഡിസ്പെൻസറി-കൾക്കും ആശുപത്രികൾക്കും ആവശ്യമായ ഉപകരണങ്ങൾ വാങ്ങി നൽകുകയും നവീകരണ പ്രവർത്തനങ്ങൾ നടത്തുകയും ചെയ്യുന്നുണ്ട്.<br>ഗുണഭോക്താക്കൾക്ക് ആനുകൂല്യങ്ങൾ കൃത്യമായി വിതരണം ചെയ്യുന്നതിന് സ്വീകരിച്ച നടപടികൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

## ഗുണഭോക്താക്കൾക്ക് ആനുകൂല്യങ്ങൾ കൃത്യമായി വിതരണം ചെയ്യുന്നതിന് സ്വീകരിച്ച നടപടികൾ

(1) മെഡിക്കൽ റീഇംബേഴ്സ്മെന്റ് ബില്ലുകൾ അടിയന്തിരമായി തീർപ്പാക്കുന്നതിന് ഇൻഷ്വറൻസ് മെഡിക്കൽ ഓഫീസർ തലത്തിൽ തീർപ്പാക്കാനുള്ള മെഡിക്കൽ ബില്ലുകളുടെ പരിധി 1,000/- രൂപയിൽ നിന്നും 2,000/- രൂപയായും, റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ തലത്തിൽ തീർപ്പാക്കാനുള്ള ബില്ലുകളുടെ പരിധി 3,000/- രൂപയിൽ നിന്നും 6,000/- രൂപയായും വർദ്ധിപ്പിച്ചുകൊണ്ട് ഡെലിഗേഷൻ ഓഫ് പവർ പുതുക്കി നൽകിയിട്ടുണ്ട്.

(2) ഇ.എസ്.ഐ ഡിസ്പെൻസറികളിൽ ലഭിക്കുന്ന മെഡിക്കൽ ബില്ലുകൾ, ലഭിച്ച് കഴിഞ്ഞ് ഒരു മാസത്തിനകം തന്നെ പരിശോധിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതിന് സ്ഥാപനമേധാവികൾക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. വകുപ്പിന്റെ ദ്വൈമാസ അവലോകന യോഗത്തിൽ ഇതിന്റെ പുരോഗതി വിലയിരുത്തി വരുന്നുണ്ട്.

(3) ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് ഡയറക്ടറേറ്റിലെ കുടിശ്ശിക ബില്ലുകൾ തീർപ്പാക്കുന്നതിനും അധിക ജോലി ഭാരവും കണക്കിലെടുത്ത് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി 3 പേരെ ഡാറ്റാ എൻട്രിയ്ക്കും മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് സംബന്ധമായ ജോലികൾക്കും നിയോഗിച്ചിട്ടുണ്ട്. റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ തലത്തിലും ഡയറക്ടറേറ്റ് ഓഫ് ഇൻഷ്വറൻസ് മെഡിക്കൽ സർവീസസ് തലത്തിലും ഡിസ്പെൻസറികളിൽ നിന്നും കൂടുതൽ സ്റ്റാഫിനെ താൽക്കാലികമായി നിയോഗിച്ച് കുടിശ്ശിക ബില്ലുകൾ സമയബന്ധിതമായി തീർപ്പാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(4) എംപാനൽഡ് ആശുപത്രികളുടെ യോഗം ചേരുകയും പെൻഡിംഗ് ബില്ലുകളുടെ വിവരങ്ങൾ ശേഖരിച്ച് പെൻഡിംഗ് ഉള്ള സ്ഥാപനങ്ങൾക്ക് ബില്ലുകൾ അടിയന്തിരമായി തീർപ്പാക്കുന്നതിന് കർശന നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. ദ്വൈമാസ അവലോകന യോഗത്തിൽ പെൻഡിംഗ് ബില്ലുകൾ തീർപ്പാക്കുന്നത് സംബന്ധിച്ച പുരോഗതി വിലയിരുത്തുന്നുണ്ട്.

(5) ഇ.എസ്.ഐ ഗുണഭോക്താക്കൾക്ക് റേറ്റ് കോൺട്രാക്ടിൽ ഇല്ലാത്ത മരുന്നുകൾ, രോഗികൾക്ക് അത്യന്താപേക്ഷിതമായ മെഡിക്കൽ മെഷീനുകൾ (ഉദാ- BIPAP, Oxygen Concentrator, C-PAP) തുടങ്ങിയവ ക്വട്ടേഷൻ സ്വീകരിച്ച് ഡിസ്പെൻസറികളിൽ എത്തിച്ച് നൽകുന്നുണ്ട്.

(6) മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് ബില്ലുകളിന്മേൽ തുക മാറി നൽകിയതിന്റെ വിശദാംശങ്ങൾ പൊതുജനങ്ങൾക്ക് വകുപ്പിന്റെ വെബ് സൈറ്റിൽ ലഭ്യമാക്കിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ